(എ) കൃഷി ഓഫീസർ തസ്തികയെ പ്ലാന്റ് ഡോക്ടർ എന്ന് പുനർനാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് അംഗീകൃത സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; പ്രസ്തുത പുനർനാമകരണ നടപടി പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്ത് അഗ്രികൾച്ചർ കൗൺസിൽ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും സർവ്വീസ് സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; പ്രസ്തുത ആവശ്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കൃഷി ആഫീസർമാരെ "പ്ലാന്റ് ഡോക്ടർ " എന്ന് പുനർനാമകരണം ചെയ്യണമെന്നും സംസ്ഥാനത്ത് അഗ്രികൾച്ചർ കൗൺസിൽ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് 'അസോസിയേഷൻ ഓഫ് അഗ്രികൾച്ചറൽ ഓഫിസേഴ്സ് കേരള' എന്ന സംഘടന നിവേദനം സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ച ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

ബി.എസ്. സി. അഗ്രികൾച്ചർ കോഴ്സ് പ്രവേശനം

131 (3335) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ബി. എസ്. സി. അഗ്രികൾച്ചർ കോഴ്സ് പ്രവേശനത്തിനായി എൻടൻസ് കമ്മീഷണർ അംഗീകരിച്ച് അനുവദിക്കപ്പെട്ട സീറ്റുകൾ കൂടാതെ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് 16 സീറ്റുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയത് പ്രസ്തുത സർവ്വകലാശാലയുടെ ചാൻസലർ അനുവദിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) കേരള കാർഷിക സർവ്വകലാശാലയിൽ 2015-16 അദ്ധ്യയന വർഷം മുതൽ എൻടൻസ് പരീക്ഷ എഴുതി വിജയിച്ച വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി 16 സീറ്റ് അനുവദിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് മേൽ പറഞ്ഞ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. സർവ്വകലാശാല ആക്ട് പ്രകാരം ഇക്കാര്യത്തിൽ ചാൻസലറുടെ അംഗീകാരം തേടേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly